# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1780** — **07.03.2018-ൽ മറുപടിക്ക്**

**ഐ.സി.സി.ഓ.എൻ.എസ്- ജീവനക്കാരുടെ നിയമനവും ശമ്പളവും**

**ചോദ്യം**

പ്രൊ.ആബിദ് ഹുസൈൻ തങ്ങൾ

**മറുപടി**

ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ
(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഐ.സി.സി.ഓ.എൻ.എസ്. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റീവ് ന്യൂറോ സയൻസ്) എന്ന സ്ഥാപനത്തിലെ നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ; | എ) | പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | ജീവനക്കാർക്ക് പത്താം ശമ്പള കമ്മീഷൻ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപ്പിലാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ; | ബി) | ജീവനക്കാർക്ക് 10-ാം ശമ്പള കമ്മീഷന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണം ഇതുവരെ നടപ്പിലാക്കിയിട്ടില്ല.പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പള കാര്യങ്ങൾ പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി ഒരു എക്സ്പേർട്ട് കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. |
| സി) | ഐ.സി.സി.ഓ.എൻ.എസ് - ലെ നിയമന രീതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; പ്രസ്തുത സ്ഥാപനത്തിന് ജില്ലാ ഓഫീസുകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ ? | സി) | ഈ സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അധികാരപ്പെടുത്തിയ ഒരു സെലക്ഷൻ കമ്മിറ്റിയാണ് ജീവനക്കാരുടെ നിയമന കാര്യങ്ങൾ ചെയ്യുന്നത്. ഗവേണിങ് ബോഡി മെമ്പർ കൂടി ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റിയിൽ സ്ഥാപനത്തിന്റെ ഡയറക്ടർ,സബ്ജക്ട് എക്സ്പേർട്ടുകൾ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, മെഡിക്കൽ സൂപ്രണ്ട് തുടങ്ങിയവർ അംഗങ്ങളാണ്. പത്രപ്പരസ്യം നൽകി |

| | | | |
|---|---|---|---|
| | | | അപേക്ഷ ക്ഷണിച്ച് എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. ഈ സ്ഥാപനത്തിന് ജില്ലാ ഓഫീസുകൾ നിലവിലില്ല. പക്ഷേ ഈ സ്ഥാപനത്തിന്റെ ഓരോ സെന്ററുകൾ തിരുവനന്തപുരത്തും, ഷൊർണൂരിലും പ്രവർത്തിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**